# കരച്ചിൽ

സി.ജി.പണിക്കർ, കുണ്ടറ

കരയാനായി ജന്മം നൽകി ഒരു കണ്ണീർത്തടാകമെനിക്കു നൽകി
കണ്ണുനീരൊപ്പുവാൻ കൈയിലെനിക്കൊരു കൊച്ചുറുമാലു നൽകി
കൊച്ചരിപ്രാവ് കുറുകുന്നപോലെന്റെ കൊച്ചുഹൃദയം നുറുങ്ങിടുന്നു
കൊച്ചുകൊച്ചോർമകളീ കൊച്ചുകുടിലിന്റെ ഉമ്മറത്തെത്തി കടന്നുപോയി

കരുണാമയാ നീ കളിമൺ കുഴച്ച് സൃഷ്ടി നടത്തിയ നേരം
എന്തിനു കണ്ണിലൊളിപ്പിച്ചുവച്ചു ഈ വറ്റാത്ത നീരുറവ
കണ്ണിൽ കറയോ പൊടിയോ വീഴുകിൽ കഴുകിക്കളയുവാനോ?
കരളിൻ വേദന നെഞ്ചിലമരുമ്പോൾ ആശ്വാസഗംഗ ഒഴുക്കിടാനോ?

ഇന്നീ കണ്ണീർത്തടാകത്തിനപ്പുറം മനസ്സിൻ മലമേലെ മാനം ഇരുണ്ടു
കാറ്റാഞ്ഞുവീശി, ഇടിമിന്നൽ തുടങ്ങി കൂറ്റൻമഴയുടെ ലക്ഷണമായി
ഇനി കുത്തിയൊലിച്ച് ആ മലവെള്ളമീ കണ്ണീർത്തടാകത്തിലെത്തും
കലങ്ങി മറിഞ്ഞു കവിഞ്ഞൊഴുകുമീ ചുവന്ന കണ്ണുനീർ ചാലുകൾ

കാലം നിറക്കൂട്ടു ചാർത്തി ഞാനറിയാതെ ലോകമണിഞ്ഞൊരുങ്ങി
കണ്ണുതുറന്നിരുന്നിട്ടുമെന്തേ കാണാതെ പോയീ ചമയങ്ങൾ
അമ്മതൻ തണലിൽ വളർന്ന മക്കൾ അമ്മിഞ്ഞപ്പാലിൻ രുചി മറന്നു
ഓർമ്മകളെ ഓലക്കുടനിവർത്തി ഇനി കൂട്ടിനുപോരുമോ എൻ തണലായ്